സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ്, തിരുവനന്തപുരം
E-Mail - ccsasection@gmail.com

നം. -(സി.എസ്) എ4 – 519/2020 തീയതി : 25-06-2020

സിവിൽ സപ്ലൈസ് ഡയറക്ടറിൽ നിന്നും.

എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും.

സർ,

വിഷയം – പൊതുവിതരണം – കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും അരി തുടർന്നും ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായത് സംബന്ധിച്ച്

സൂചന-- 1) സർക്കാരിന്റെ 24-4-2020-ലെ സ.ഉ(കൈ)114/2020/ഭ.പൊ.വി.ന നം. ഉത്തരവ്.
2) 28-05-2020-ലെ ഈ കാര്യാലയത്തിലെ ഇതേ നം കത്ത്.
3) സർക്കാരിന്റെ 23-6-2020-ലെ സ.ഉ(കൈ)117/2020/ഭ.പൊ.വി.ന നം. ഉത്തരവ്.
4) 27-03-2020-ലെ ഈ കാര്യാലയത്തിലെ ഇതേ നം കത്ത്.

-----------.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 3 ലെ ഉത്തരവ് പ്രകാരം കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന ജനകീയ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും 2021 മാർച്ച് മാസം വരെയോ ടൈഡ് ഓവർ വിഹിതം അന്ന വിതരൺ പോർട്ടലിൽ ഉൾപ്പെടുത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്കുള്ള അരി വിതരണം തുടരാവുന്നതാണെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ മേൽ നിർദ്ദേശ പ്രകാരം ടൈഡ് ഓവർ വിഹിതത്തിൽ ഉൾപ്പെടുത്തി ടി പദ്ധതി 2021 മാർച്ച് മാസം വരെയോ ടൈഡ് ഓവർ വിഹിതം അന്ന വിതരൺ പോർട്ടലിൽ ഉൾപ്പെടുത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ തുടരാവുന്നതാണെന്ന് നിർദ്ദേശം നൽകുന്നു. ടി വിതരണത്തിന് ടൈഡ് ഓവർ വിഹിതത്തിൽ ലഭ്യമാകുന്ന FCI പുഴുക്കലരി മാത്രം ബന്ധപ്പെട്ട NFSA ഗോഡൗണുകളിൽ നിന്നും നൽകേണ്ടതാണ്. കൂടാതെ ഈ കാര്യാലയത്തിൽ നിന്നുള്ള സൂചന നാലിലെ കത്തിൽ പ്രതിപാദിച്ചിട്ടുള്ള നിർദ്ദേശങ്ങൾ തുടർന്നും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
റേഷനിംഗ് കൺട്രോളർ
സിവിൽ സപ്ലൈസ് ഡയറക്ടർക്കു വേണ്ടി
//അംഗീകാരത്തോടെ//

അനിദത്ത്. എസ്. എസ്
അസിസ്റ്റന്റ് സെക്രട്ടറി-2

പകർപ്പ് – ഡയറക്ടർ, കുടുംബശ്രീ. (ആമുഖ കത്ത് സഹിതം)